നം.വൈ(1)/56496/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 21.11.2017

# സർക്കുലർ

**വിഷയം :- പൊ.വി.- 58-ാമത്- സംസ്ഥാന സ്കൂൾ കലോത്സവം പൊതു നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

**സൂചന :- സർക്കാർ ഉത്തരവ് നം. (കൈ).129/2017 തീയതി 20/10/2017.**

വിവിധ തലങ്ങളിൽ സ്കൂൾ കലോത്സവം നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന പൊതു നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സ്കൂൾ കലോത്സവ മത്സരങ്ങളിൽ ഉറുദു ഗസൽ ആലാപനത്തിൽ ശ്രുതി നിർബന്ധമാണ്. തബല, ഹാർമോണിയം അഭികാമ്യം. പിന്നണി വിദ്യാർത്ഥികൾ ആയിരിക്കണമെന്ന് നിർബന്ധമില്ല. എന്നാൽ ഗസൽ ആലപിക്കുന്ന വിദ്യാർത്ഥിയുടെ പ്രകടനത്തിനു മാത്രമേ മൂല്യനിർണയം നടത്തുകയുള്ളൂ. ഇത് ഉപജില്ലാ/ജില്ലാ/മത്സരങ്ങൾക്കും ബാധകമാണ്. വിധികർത്താക്കൾക്ക് ഇതു സംബന്ധിച്ച് പ്രത്യേകം നിർദ്ദേശം ബന്ധപ്പെട്ടവർ നൽകേണ്ടതാണ്.
2. ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി ഉൾപ്പെടെ എല്ലാ സബ്കമ്മിറ്റികളുടെയും, ചെയർപേഴ്സൺ ജനപ്രതിനിധികളായിരിക്കണം.

3. <u>**മീഡിയ കമ്മിറ്റി ചുമതലകൾ**</u>

കലോത്സവത്തിന്റെ പ്രചാരണത്തിനായെത്തുന്ന ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് ആയതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക എന്നതാണ് ഈ കമ്മിറ്റിയുടെ ചുമതല. സ്റ്റേജ് & പന്തൽ കമ്മിറ്റിയുമായി ചേർന്ന് പന്തലിനുള്ളിലും, പുറത്തും മാധ്യമ പ്രവർത്തകർക്ക് ആവശ്യമായ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക, ഐറ്റി അറ്റ് സ്കൂളുമായി ചേർന്ന് ആവശ്യമായ ഇന്റർനെറ്റ് സംവിധാനമൊരുക്കുക, ആവശ്യമായ ലാപ്ടോപ്പ്, കമ്പ്യൂട്ടർ, സ്കാനർ, വൈഫൈ മുതലായവ ക്രമീകരിക്കുക. പ്രചാരണ കമ്മിറ്റിയിൽ നിന്നും മത്സരഫലങ്ങൾ സമയ ബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക, സി.സി.ടി.വി മുതലായവ സ്ഥാപിക്കുന്നതിന് ആവശ്യമായിരിക്കുന്ന പിന്തുണാ സംവിധാനം നൽകുക മുതലായവയാണ് കമ്മിറ്റിയുടെ മുഖ്യ ചുമതലകൾ.

4. <u>കലാ-**സാംസ്കാരിക പ്രദർശന കമ്മിറ്റി ചുമതലകൾ**</u>

സംസ്ഥാനകലോത്സവം അരങ്ങേറുന്ന ദിവസങ്ങളിലെ സായാഹ്നങ്ങളിൽ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വേദിയിൽ വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതല. മത്സരഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത കേരളത്തിന്റെ തനതായ കലാരൂപങ്ങൾ, അന്യം നിന്നുപോകുന്ന ഗോത്ര, ക്ഷേത്രകലകൾ, സ്പെഷ്യൽ സ്കൂൾ സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പ്രധാനപ്പെട്ട ഗ്രൂപ്പിനങ്ങൾ, ശാസ്ത്രീയ നൃത്ത ഇനങ്ങൾ എന്നിവ സാംസ്കാരിക പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്. നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ഒതുങ്ങി നിന്നുകൊണ്ട് പ്രശസ്ത കലാകാരന്മാരും, സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുക്കുന്ന പരിപാടികൾ ഉൾപ്പെടുത്താവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**